5304
18/3/17

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **എറണാകുളം ജില്ല** - പ്രമുഖ സംഗീത സംഗീത സംവിധായകൻ ശ്രീ.അർജ്ജുനൻ മാസ്റ്റർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്**

**സ.ഉ.(കൈയ്യെഴുത്ത്) നം: 72/17/റവ.** **തിരുവനന്തപുരം, തീയതി, 07/03/2017**

=====================================================================

**പരാമർശം:** 1. സ.ഉ.(കൈയ്യെഴുത്ത്) നം.579/16/റവ. തീയതി 26/11/2016
2. എറണാകുളം ജില്ലാ കളക്ടറുടെ 09.01.2017-ലെ ഇ11-92788/2016 നമ്പർ കത്ത്.

**ഉത്തരവ്**

മലയാള സംഗീത ലോകത്തിന് സമഗ്ര സംഭാവന നൽകിയിട്ടുള്ള ശ്രീ.അർജ്ജുനൻ മാസ്റ്ററുടെ ആശുപത്രി ചികിത്സയ്ക്കായി ചെലവായ **53,423/- രൂപ (അമ്പത്തി മൂവായിരത്തി നാനൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ടി 53,423/- രൂപ (അമ്പത്തി മൂവായിരത്തി നാനൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **എറണാകുളം ജില്ലാ കളക്ടർക്ക്** അനുവദിക്കേണ്ടതും കളക്ടർ ടി തുക അടിയന്തിരമായി നൽകി വിവരം എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.എം.വിജയാനന്ദ്**
**ചീഫ് സെക്രട്ടറി**

**ജില്ലാ കളക്ടർ, എറണാകുളം.**

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
ധനകാര്യ (ഫണ്ട്സ്)വകുപ്പ്/റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**